# എബ്രായലേഖനത്തിന്റെ ജീവ-പഠനം

### ദൂത് പതിനഞ്ച്

## അപ്പൊസ്തലനെന്ന നിലയിൽ ക്രിസ്തു മോശെയെക്കാൾ ഉന്നതൻ

Sat — ഈ ദൂതിൽ എബ്രായ ലേഖനത്തിൽ കാണുന്ന മൂന്നാമത്തെ താരതമ്യത്തിലേക്ക് നാം വരുന്നു — അപ്പൊസ്തലനെന്ന നിലയിൽ ക്രിസ്തു മോശെയെക്കാൾ ഉന്നതനാകുന്നു. ഈ ലേഖനത്തിന്റെ ആരംഭത്തിൽ തന്നെ, നമ്മുടെ ദൈവവും യെഹൂദജനത്തിന്റെ ദൈവവും തമ്മിലുള്ള താരതമ്യം നാം കണ്ടു. പിന്നീട് ഒന്നും രണ്ടും അധ്യായങ്ങളിൽ, ക്രിസ്തുവും ദൂതന്മാരും തമ്മിലുള്ള താരതമ്യത്തിന്റെ രണ്ടു വശങ്ങൾ നാം കണ്ടു. ദൈവപുത്രനും മനുഷ്യപുത്രനുമെന്ന നിലയിൽ ക്രിസ്തു ദൂതന്മാരെക്കാൾ ഉന്നതനാണ്. യെഹൂദമതത്തിന്റെ മൂന്നാമത്തെ പ്രശംസ അവരുടെ ഏറ്റവും വിശിഷ്ട നേതാവായിരുന്ന മോശെയാണ്. മറ്റൊരു സന്ദേശത്തിൽ നാം കാണാൻ പോകുന്നതുപോലെ, ക്രിസ്തുവും അഹരോനും തമ്മിലുള്ള നാലാമത്തെ താരതമ്യം, മഹാപുരോഹിതനെന്ന നിലയിൽ ക്രിസ്തു അഹരോനെക്കാൾ ഉന്നതനാകുന്നു എന്ന് നമ്മെ കാണിക്കുന്നു.

അപ്പൊസ്തലനും മഹാപുരോഹിതനും എന്ന നിലയിൽ ക്രിസ്തു മോശെയെക്കാളും അഹരോനെക്കാളും ഉന്നതനാണ്. 3:1-ൽ ക്രിസ്തുവിന്റെ ഈ രണ്ടു പദവികളെയും നാം കാണുന്നു, "നാം ഏറ്റുപറയുന്ന അപ്പൊസ്തലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിക്കുവിൻ" എന്ന് അവിടെ നമ്മോടു പറയുന്നു. യേശു നമ്മുടെ അപ്പൊസ്തലനും നമ്മുടെ മഹാപുരോഹിതനുമാണ്. അപ്പൊസ്തലനെന്ന നിലയിൽ, അവൻ മോശെയാൽ മുൻകുറിക്കപ്പെട്ടു; മഹാപുരോഹിതനെന്ന നിലയിൽ അവൻ അഹരോനാൽ മുൻകുറിക്കപ്പെട്ടു. ദൈവത്തിൽനിന്നും ദൈവത്തോടുകൂടെയും നമ്മുടെ അടുക്കലേക്ക് അയയ്ക്കപ്പെട്ടവനാണ് അപ്പൊസ്തലൻ (യോഹ. 6:46; 8:16, 29). നമ്മുടെ അടുക്കൽനിന്നും നമ്മോടുകൂടെയും ദൈവത്തിന്റെ അടുക്കലേക്ക് പോയവനാണ് മഹാപുരോഹിതൻ (എഫെ. 2:6).

ദൈവത്തിന്റെ ദിവ്യജീവനിലും സ്വഭാവത്തിലും നിറവിലും നാം പങ്കുകൊള്ളേണ്ടതിന് ദൈവത്തെ നാമുമായി പങ്കുവയ്ക്കുവാൻ അപ്പൊസ്തലനെന്ന നിലയിൽ ക്രിസ്തു ദൈവത്തോടുകൂടെ നമ്മുടെ അടുക്കൽ വന്നു. നാമും നമ്മുടെ എല്ലാ കാര്യങ്ങളും അവനാൽ പൂർണമായി പരിപാലിക്കത്തക്കവണ്ണം നമ്മെ ദൈവത്തിനു സമർപ്പിക്കേണ്ടതിന് മഹാപുരോഹിതനെന്ന നിലയിൽ ക്രിസ്തു നമ്മോടുകൂടെ ദൈവത്തിന്റെ അടുക്കലേക്ക് പോയി. അപ്പൊസ്തലനനെന്ന നിലയിൽ അവൻ, ദൈവഭവനത്തെ സേവിക്കേണ്ടതിന് ദൈവത്തിന്റെ അടുക്കൽനിന്നും വന്നവനായ മോശെയാൽ മുൻകുറിക്കപ്പെടുകയും (3:2-6), മഹാപുരോഹിതനെന്ന നിലയിൽ അവൻ, യിസ്രായേൽഭവനത്തോടും അവരുടെ വിഷയങ്ങളോടുംകൂടെ ദൈവത്തിന്റെ അടുക്കലേക്കു പോയ അഹരോനാൽ മുൻകുറിക്കപ്പെടുകയും ചെയ്തു (4:14—7:28).

യേശു നമ്മുടെ മഹാപുരോഹിതനാണെന്ന് നിങ്ങൾക്കറിയാമെങ്കിലും, ഈ സന്ദേശം വായിക്കുന്ന നിങ്ങളിൽ അനേകരും യേശു അപ്പൊസ്തലനും ആണെന്ന് എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ എന്ന് എനിക്കു സംശയമുണ്ട്. യേശു പുതിയനിയമത്തിലെ ഒന്നാമത്തെ അപ്പൊസ്തലനായിരുന്നു. ഇതുകൊണ്ടാണ് എബ്രായലേഖനം തികച്ചും സവിശേഷമെന്ന് ഞാൻ വീണ്ടും പറയുന്നത്. ഒന്നാമതായി, എല്ലാറ്റിന്റെയും അവകാശിയായിരിക്കുവാൻ കർത്താവായ യേശുവിനെ ദൈവം നിയമിച്ചിട്ടുണ്ടെന്ന് അതു നമ്മോടു പറയുന്നു (1:2). പിന്നീട് അതു പറയുന്നത് അവൻ രക്ഷാനായകൻ പോലും ആകുന്നു എന്നാണ് (2:10). സകലത്തിന്റെയും അവകാശിയും രക്ഷാനായകനും എന്ന നിലയിൽ ഈ പുസ്തകത്തിലെപ്പോലെ ക്രിസ്തുവിനെ ഇത്ര വ്യക്തമായി വെളിപ്പെടുത്തിയിട്ടില്ല. മഹാപുരോഹിതനെന്ന നിലയിൽപോലും ക്രിസ്തുവിനെ പുതിയനിയമത്തിൽ മറ്റൊരിടത്തും കണ്ടെത്താൻ കഴിയില്ല. ഇപ്പോൾ നാം ക്രിസ്തുവിനെ അപ്പൊസ്തലനായി കാണുന്നു. യവനഭാഷയിൽ *അപ്പൊസ്തലൻ* എന്ന പദം അർഥമാക്കുന്നത് അയയ്ക്കപ്പെട്ടവൻ, ഉയർന്ന അധികാരസ്ഥനാൽ അയയ്ക്കപ്പെട്ട ഒരുവൻ എന്നാണ്. യേശു ദൈവത്താൽ അയയ്ക്കപ്പെട്ടവനാകുന്നു. ദൈവം അവനെ നമ്മുടെ അടുക്കൽ അയച്ചു.

## I. മോശെ

അയയ്ക്കപ്പെട്ടവനായ അപ്പൊസ്തലനെന്ന നിലയിൽ മോശെ യേശുവിന്റെ ഒരു മുൻകുറിയായിരുന്നു. യിസ്രായേൽമക്കൾ ഫറവോന്റെ നിഷ്ഠൂരവാഴ്ചയിൻകീഴിൽ പീഡനം സഹിക്കുകയായിരുന്നപ്പോൾ, ദൈവം മോശെക്ക് പ്രത്യക്ഷനാകുകയും, യിസ്രായേൽമക്കളുടെയും ഫറവോന്റെയും അടുക്കൽ പോകുവാൻ അവനോട് ആജ്ഞാപിക്കുകയും ചെയ്തു. അങ്ങനെ മോശെ

പഴയനിയമത്തിലെ ഒരു അപ്പൊസ്തലനായിത്തീർന്നു. യിസ്രായേൽ ദൈവത്തിന്റെ ഭവനമായി സംരചിക്കപ്പെടുകയും ഭൂമിയിൽ ദൈവത്തിന്റെ നിവാസമായി രൂപപ്പെടുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തിനുവേണ്ടി അവരെ മിസ്രയീമിൽനിന്ന് പുറത്തേക്ക് എടുക്കുവാനും മരുഭൂമിയിലൂടെ നയിക്കുവാനുമായി ദൈവത്തിന്റെ അയയ്ക്കപ്പെട്ടവനായ അപ്പൊസ്തലൻ ആയിരുന്നു മോശെ. ദൈവത്തിന്റെ ഈ നിവാസത്തെ മരുഭൂമിയിൽ യിസ്രായേൽമക്കൾ നിർമിച്ച കൂടാരത്താൽ പ്രതീകവൽക്കരിച്ചു. ആ കൂടാരം ഒരു പ്രതീകം മാത്രമായിരുന്നു; അത് ദൈവത്തിന്റെ യഥാർഥ നിവാസമായിരുന്നില്ല. അക്കാലത്ത്, ഭൂമിയിലെ ദൈവത്തിന്റെ യഥാർഥ നിവാസം യിസ്രായേൽ മക്കൾ തന്നെയായിരുന്നു. ദൈവത്തിന്റെ അപ്പൊസ്തലനായ മോശെയാൽ യിസ്രായേൽമക്കൾ ദൈവഭവനമായി രൂപപ്പെടുകയും സംരചിക്കപ്പെടുകയും ചെയ്തിരുന്നു. ഈ ഛായാചിത്രം വളരെ വ്യക്തമാണ്. നാം വേദപുസ്തകം വായിക്കുമ്പോൾ നമുക്ക് അങ്ങനെയുള്ള ഒരു സ്വർഗീയ ദർശനം, ആത്മാവിലുള്ള ഒരു വെളിപാട് ആവശ്യമാണ്. ഇതുകൂടാതെ, പഴയനിയമത്തിലെ എല്ലാ സംഭവങ്ങളുടെയും യഥാർഥ സവിശേഷതയെ ഗ്രഹിക്കുവാൻ നമുക്കൊരിക്കലും കഴിയില്ല.

## A. ദൈവഭവനത്തിന്റെ ഒരു ഭാഗം

എങ്കിലും, മോശെയും ക്രിസ്തുവും തമ്മിൽ അളവിൽ ഒരു വ്യത്യാസമുണ്ട്. മോശെ ക്രിസ്തുവിനെ എത്രമാത്രം മുന്നടയാളമായിട്ടുണ്ടെങ്കിലും, അവൻ അപ്പോഴും ഭവനത്തിന്റെ ഒരു ഭാഗം മാത്രമായിരുന്നു, അതേസമയം ക്രിസ്തു ദൈവഭവനം പണിയുന്നവനാണ് (3:3).

## B. ദൈവഭവനത്തിൽ വിശ്വസ്തൻ

ദൈവഭവനത്തെ കരുതുവാൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനെന്ന നിലയിൽ മോശെ ദൈവത്തിന്റെ ഭവനത്തിലൊക്കെയും ദൈവത്തിനു വിശ്വസ്തനായിരുന്നു. ഇതു സൂചിപ്പിക്കുന്നത് ദൈവത്തിന്റെ ഭവനത്തിനുവേണ്ടി ദൈവത്തിന്റെ അടുക്കൽനിന്നു വന്ന അപ്പൊസ്തലനെന്ന നിലയിൽ ക്രിസ്തു, തന്നെ സംരചിച്ചവനായ ദൈവത്തിന്, വിശ്വസ്തനാകുന്നു എന്നാണ് (വാ. 2).

## C. വരാനിരിക്കുന്ന കാര്യങ്ങളുടെ സാക്ഷ്യത്തിനുവേണ്ടി

മൂന്നാം അധ്യായം, വാക്യം 5 പറയുന്നു, മോശെ "അരുളിച്ചെയ്യുവാനുള്ള കാര്യങ്ങളുടെ സാക്ഷ്യത്തിനായി" ഒരു ദാസനായിരുന്നു. മോശെ ഒരു സാക്ഷ്യമായിരുന്നു. ഇവിടെ ഒരു സാക്ഷ്യം അർഥമാക്കുന്നത് മോശെ ഒരു ഛായാചിത്രം ആയിരുന്നു

എന്നാണ്. നിങ്ങളുടെ ഛായാചിത്രം നിങ്ങളുടെ സാക്ഷ്യമാണ്. നാം ഒരു വ്യക്തിയെ ഒരിക്കലും കണ്ടിട്ടില്ലെന്നും എന്നാൽ നമുക്ക് അയാളുടെ ഒരു ഫോട്ടോ ഉണ്ടെന്നും സങ്കല്പിക്കുക. അയാളുടെ ഫോട്ടോ അയാളുടെ സാക്ഷ്യമാണ്. ഇതുപോലെ, മോശെ ഒരു സാക്ഷ്യവും, ഒരു മുന്നടയാളവും, ഒരു ഛായാചിത്രവും, ദൈവത്തിൽനിന്നും അയയ്ക്കപ്പെട്ട യഥാർഥവും ശരിയായതും നിർവ്യാജവുമായ അപ്പൊസ്തലന്റെ ഒരു മുൻകുറിയും ആയിരുന്നു.

## II. ക്രിസ്തു

### A. ദൈവം തന്നെയായ ദൈവഭവനത്തിന്റെ നിർമാതാവ്

ക്രിസ്തു ഭവനത്തിന്റെ ഒരു ഭാഗം മാത്രമല്ല, ഭവനം പണിയുന്നവനുമാണ് (വാ. 3-4). മോശെയ്ക്ക് മനുഷ്യത്വം എന്ന ഒരു പ്രകൃതം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ മാനുഷിക പ്രകൃതം ദൈവത്തിന്റെ കെട്ടുപണിക്കു നല്ലതാണ്. എന്നാൽ പണിയുന്നവനായിരിക്കുവാൻ നല്ലതായ ദിവ്യപ്രകൃതം മോശെക്കുണ്ടായിരുന്നില്ല. കർത്താവായ യേശുവിന് രണ്ടു പ്രകൃതങ്ങളുണ്ട്, ദൈവത്തിന്റെ നിവാസം പണിയുന്നതിനുവേണ്ടിയുള്ള സാമഗ്രിക്കു നല്ലതായ മനുഷ്യത്വവും, പണിയുന്നവന്റെ മൂലകമായ ദിവ്യത്വവും. തന്റെ മനുഷ്യത്വത്തിൽ, യേശു ദൈവത്തിന്റെ നിവാസത്തിനുവേണ്ടിയുള്ള കല്ലാണ്. അവൻ നമ്മെ ജീവനുള്ള കല്ലുകളായി ഉളവാക്കുന്നതിനുള്ള (1 പത്രൊ. 2:5) അടിസ്ഥാനക്കല്ലും (യെശ. 28:16), മൂലക്കല്ലും (മത്താ. 21:42; പ്രവൃ. 4:11), ആണിക്കല്ലും (സെഖ. 4:7), ജീവനുള്ള കല്ലും (1 പത്രൊ. 2:4) ആണ്. അവന്റെ മനുഷ്യത്വത്തിൽ അവൻ ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയുള്ള നല്ല സാമഗ്രിയും, അവന്റെ ദിവ്യത്വത്തിൽ അവൻ പണിയുന്നവനും ആണ്. ഭൂമിയിൽ ദൈവത്തിന്റെ ഭവനം സംരചിക്കുന്നതിന് ദൈവത്തിൽനിന്നും അയയ്ക്കപ്പെട്ട ഒരു അപ്പൊസ്തലനായിരുന്നു മോശെ; ക്രിസ്തുവും അതേ കാര്യം ചെയ്യുന്ന ഒരു അപ്പൊസ്തലനായിരുന്നു. എന്നാൽ ക്രിസ്തു കെട്ടിടത്തിന്റെ ഒരു ഭാഗം മാത്രമല്ല; അവൻ പണിയുന്നവനുമാണ്. ഇതാണ് ക്രിസ്തുവും മോശെയും തമ്മിലുള്ള വ്യത്യാസം.

### B. ദൈവഭവനമായ നമ്മുടെമേൽ

എബ്രായർ 2-ൽ ക്രിസ്തു ദൈവത്തിന്റെ ആദ്യജാതനായ പുത്രനും, നാം സഭ രൂപീകരിക്കുന്നവരായ അനേകം പുത്രന്മാരുമാണ്. ആ അധ്യായത്തിൽ അനേകം സഹോദരന്മാർ സഭയായിരിക്കേണ്ടതുവേണ്ടി ക്രിസ്തു നായകനും ആദ്യജാതനായ പുത്രനും മഹാപുരോഹിതനുമാണ്. മൂന്നാം അധ്യായം ഏറെക്കുറെ വ്യത്യസ്തമാണ്. ഈ അധ്യായത്തിൽ ക്രിസ്തു

അപ്പൊസ്തലനും, സഭ ദൈവത്തിന്റെ ഭവനവുമാണ്. എബ്രായർ 2-ൽ ക്രിസ്തു ആദ്യജാതനും നായകനും മഹാപുരോഹിതനും, സഹോദരന്മാർ സഭയും ആണ്. എബ്രായർ 3-ൽ ക്രിസ്തു അപ്പൊസ്തലനും, സഹോദരന്മാർ ദൈവത്തിന്റെ ഭവനവുമാണ്. സഭയ്ക്ക് ഒരു ഇരട്ട പ്രവർത്തനമുണ്ട്. ക്രിസ്തുവിന് സഭ ശരീരവും ദൈവത്തിന് സഭ ഭവനവുമാണ്. ക്രിസ്തു തലയും, സഭ തലയുടെ ശരീരവുമാണ്. ഇതാണ് സഭയുടെ ഒന്നാമത്തെ പ്രവർത്തനം. ദൈവം പിതാവും, സഭ അവന്റെ ഭവനവും ആണ്. ഇതാണ് സഭയുടെ രണ്ടാമത്തെ പ്രവർത്തനം. ക്രിസ്തു തലയും സഭ അവന്റെ ശരീരവും ആയിരിക്കുന്നതുപോലെ തന്നെ, ദൈവം പിതാവും സഭ അവന്റെ ഭവനവുമാണ്. ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ സഭ ഒരു ജൈവരൂപമാണ്. ഇതേ രീതിയിൽ, ഒരു ഭവനമെന്ന നിലയിൽ സഭ ഒരു ഭൗതിക ഭവനമല്ല; അത് ജീവനുള്ള ഒരു ഭവനമാണ്.

എല്ലാ യവനഭാഷാ വിദ്യാർത്ഥികൾക്കും അറിയാവുന്നതുപോലെ, *ഭവനം* എന്നതിനുള്ള യവനപദത്തെ ഇവിടെ "കുടുംബം" അഥവാ ആധുനിക പ്രയോഗം ഉപയോഗിച്ചാൽ "സ്വന്തക്കാർ," "ഒരു കുടുംബത്തിലെ അംഗങ്ങൾ" എന്നു വിവർത്തനം ചെയ്യാം. ദൈവത്തിന്റെ ഭവനം ഒരു ഭൗതിക ഭവനമല്ല, ജീവനുള്ള ഒരു ഭവനമാണ്. ദൈവത്തിന്റെ ഭവനം അവന്റെ കുടുംബവും, അവന്റെ കുടുംബം അവന്റെ ഭവനവുമാണ്. അവന്റെ ഭവനം അവന്റെ ഭവനക്കാരുമാണ്, കാരണം അവന്റെ സ്വന്തക്കാരാകുന്നു അവന്റെ വാസസ്ഥലം. ഒരു കുടുംബത്തിന് ഒരു വീടുണ്ടെന്നു കരുതുക. കുടുംബം ഒരു കാര്യവും, വീട് മറ്റൊന്നുമാണ്. കുടുംബം ജീവനുള്ളതും, വീട് ഭൗതികവുമാണ്. എന്നാൽ ദൈവത്തിന്റെ കുടുംബവും ദൈവത്തിന്റെ ഭവനവും, രണ്ടും ജീവനുള്ളതാകുന്നു.

ഏത് രീതിയിലാണ് ദൈവത്തിന്റെ ഭവനം ജീവനുള്ളതായിരിക്കുന്നത്? അത് പിതാവിന്റെ നാമത്തിലും പിതാവിന്റെ ജീവനിലും ജീവനുള്ളതാകുന്നു. അത് പിതാവിന്റെ നാമത്തിൽ ജീവനുള്ളതാകുന്നു എന്നു നാം പറയുമ്പോൾ, ഇത് അർത്ഥമാക്കുന്നത് അത് പിതാവിന്റെ യാഥാർത്ഥ്യത്തിൽ ജീവനുള്ളതാകുന്നു എന്നാണ്. ഈ ഭവനം പിതാവിന്റെ ജീവനിലും യാഥാർത്ഥ്യത്തിലുമുള്ള അനേകം ദൈവമക്കളുടെ ജീവനുള്ള സംരചനയാണ്. ഇത് അത്ഭുതകരമാണ്. എവിടെ ദൈവത്തിന്റെ ഭവനമുണ്ടോ, അവിടെ ദൈവത്തിന്റെ കുടുംബമുണ്ട്; എവിടെ ദൈവത്തിന്റെ കുടുംബമുണ്ടോ, അവിടെയാണ് തന്റെ ജീവനോടും യാഥാർത്ഥ്യത്തോടുംകൂടെ പിതാവായ ദൈവമുള്ളത്. ഇത് ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്കു സമാനമാണ്. ക്രിസ്തു ശരീരത്തിലെ എല്ലാ അവയവങ്ങളിൽനിന്നും വേർപെട്ടിരിക്കുന്നില്ല, കാരണം, ശരീരത്തിന്റെ തലയെന്ന നിലയിൽ ക്രിസ്തു എല്ലാ അവയവങ്ങളിലും വസിക്കുന്നു. ക്രിസ്തുവിനെ ശരീരത്തിന്റെ ഒരു വേറിട്ട

അവയവമായി കണക്കാക്കരുത്, കാരണം അവൻ ശരീരത്തിലെ എല്ലാ അവയവങ്ങളിലും ഉണ്ട്. അതുപോലെ, ദൈവത്തിന്റെ ഭവനം ദൈവത്തിന്റെ കുടുംബമാണ്. പിതാവ് കുടുംബത്തിന്റെ ഒരു വേറിട്ട അംഗമല്ല, പ്രത്യുത എല്ലാ മക്കളിലുമുണ്ട്. ഇതാണ് ദൈവത്തിന്റെ ഭവനമായ ബെഥേൽ, സ്വപ്നത്തിൽ യാക്കോബ് കണ്ട അതേ ഭവനം (ഉല്പ. 28). ഇതുകൊണ്ടാണ് സഭ എവിടെയുണ്ടോ, അവിടെ സ്വർഗീയ ഗോവണിയായ യേശു ക്രിസ്തു എന്ന മനുഷ്യപുത്രനോടുകൂടെ ദൈവഭവനമായ ബെഥേൽ ഉള്ളത്. അങ്ങനെയുള്ള സഭ ജനത്തിന് ഭൂമിയിൽനിന്നും സ്വർഗത്തിലേക്ക് ആശയവിനിമയം നടത്തുവാൻ കഴിയുന്ന സ്വർഗത്തിന്റെ കവാടമാണ്. ഇപ്പോൾപോലും ഭൂമിക്കും സ്വർഗത്തിനുമിടയിൽ ഒരു ആശയവിനിമയമുണ്ട്. നാം ശരിയായ സഭാജീവിതത്തിലായിരിക്കുമ്പോൾ, നാം സ്വർഗത്തിന്റെ കവാടത്തിലാണ്. നിങ്ങൾക്ക് ആത്മിക കണ്ണുകളുണ്ടെങ്കിൽ, ദൂതന്മാർ സ്വർഗീയ ഗോവണിയുടെമേൽ കയറുന്നതും ഇറങ്ങുന്നതും കാണുവാൻ നിങ്ങൾക്കു കഴിയും.

ആരാണ് ഈ ഭവനം രൂപീകരിക്കുകയും പണിയുകയും സംരചിക്കുകയും ചെയ്യുത്, ആരാണ് ഈ ഭവനത്തെ പരിപാലിക്കുന്നത്? ദൈവത്തിന്റെ അടുക്കൽനിന്നും അയയ്ക്കപ്പെട്ട അപ്പൊസ്തലനായ യേശു ക്രിസ്തുവാണ് തന്റെ ഭവനം സംരചിക്കുകയും പണിയുകയും ചെയ്യുതും ഇപ്പോഴും ചെയ്യുന്നതും. അവൻ ഭവനം പണിയുക മാത്രമല്ല, അതിനെ എടുത്തുകൊണ്ടുപോകുകയും ചെയ്യുന്നു. ഈ ഭവനം ചലിക്കുന്നതും, എടുത്തുകൊണ്ടുപോകാവുന്നതുമായ ഒരു ഭവനമാണ്; ഇത് ജീവിക്കുന്നതും നടക്കുന്നതുമായ ഒരു ഭവനമാണ്. ഇന്നത്തെ സംഘടിത ക്രിസ്തുമതം ഇങ്ങനെയുള്ള ഒരു ഭവനമാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? സംഘടിത ക്രിസ്തുമതത്തിന് നടക്കുവാൻ കഴിയുമോ? നാം ജീവിക്കുകയും നടക്കുകയും നീങ്ങുകയും ചെയ്യുന്നു. നാം സംഘാതമായി അപ്പൊസ്തലന്മാരുടെകൂടെ നടക്കുന്നു. ദൈവത്തിന്റെ ഭവനം ഒരു സംഘാത ശരീരമാണ്. നാം അപ്പൊസ്തലനെയും, പിതാവിനെ അവന്റെ യാഥാർഥ്യത്തോടുകൂടെയും ആസ്വദിക്കാൻ പോകുന്നുവെങ്കിൽ, നാം ഭവനത്തിലായിരിക്കണം. പറയുവാൻ എനിക്ക് ഖേദമുണ്ടെങ്കിലും, മതത്തിൽ അവർക്കൊരു അപ്പൊസ്തലൻ ഉണ്ടെന്ന് ജനം കേട്ടിട്ടില്ല. എന്നാൽ നമുക്കൊരു അപ്പൊസ്തലനുണ്ടെന്ന് നാം അറിയണം. നമ്മുടെ രക്ഷാനായകനും നമ്മുടെ മഹാപുരോഹിതനും ദൈവത്തിന്റെ ഭവനത്തെ പരിപാലിക്കുന്നതിന് ദൈവത്താൽ അയയ്ക്കപ്പെട്ടവനായ അപ്പൊസ്തലനാണ്. നിങ്ങൾ ഭവനത്തിലില്ലെങ്കിൽ, അപ്പൊസ്തലനായിരിക്കുന്ന വശത്തിൽ നിങ്ങൾ അവനെ ആസ്വദിക്കുകയില്ല. മറ്റു വശങ്ങളിൽ നിങ്ങൾ അവനെ ആസ്വദിച്ചേക്കാം, കാരണം അവൻ

വലിയവനും ദയയുള്ളവനും കരുണയുള്ളവനുമാണ്, അവൻ നിങ്ങൾക്കായി നിരവധി കാര്യങ്ങൾ ചെയ്യും. എന്നാൽ പിതാവിന്റെ ഭവനമായ സഭയെ സംബന്ധിച്ചിടത്തോളം നിങ്ങൾക്ക് അവനെ അപ്പൊസ്തലനായി ആസ്വദിക്കുവാൻ കഴിയില്ല.

വ്യക്തിപരമായ ഒരു ക്രിസ്ത്യാനിയായിരിക്കുന്നതിൽ ഞാൻ വിശ്വസിക്കാത്തതിന്റെ കാരണം ഇതാണ്. നിങ്ങൾ ഒരു വ്യക്തിയായിരുന്നാൽ, നിങ്ങൾ നിന്നുപോയി. നിങ്ങൾ ഒരു വ്യക്തിയായിരിക്കുമ്പോൾ, നിങ്ങൾ വേർപെട്ടിരിക്കുന്ന ഒരു കല്ലാണ്. വേർപെട്ടിരിക്കുന്ന ഒരു കല്ലെന്ന നിലയിൽ, നിങ്ങൾക്ക് ഭവനവുമായി യാതൊരു കാര്യവുമില്ല. നാം സഭയിൽ ആയിരിക്കണം. നാം സഭയിൽ വന്നതിനുശേഷം നാം പങ്കെടുത്ത ആസ്വാദനവും അനുഗ്രഹവും കൃപയും എന്തുമാത്രമാണെന്ന് നമ്മിൽ അനേകർക്കും സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ഭവനത്തിലും ഭവനത്തിനും സംഭവിക്കുന്ന അത്ഭുതകരമായ കാര്യങ്ങൾ നാം കാണുവാൻ പോകുന്നു.

ഉന്നതമായ സുവിശേഷം പ്രസംഗിക്കുവാൻ അനേകം ചെറുപ്പക്കാർ ഉത്തേജിപ്പിക്കപ്പെടുന്നു. ഉത്തേജിപ്പിക്കപ്പെട്ടതിനുശേഷം, അവർക്ക് അര മിനിറ്റു പോലും കാത്തിരിക്കാനാകില്ല. അടുത്ത പടി എന്തെന്നറിയുവാൻ അവർ ആഗ്രഹിക്കുന്നു. യുവാക്കളേ, അടുത്ത പടി ഭവനത്തിലേക്കു പ്രവേശിച്ച് ഭവനത്തോടൊപ്പം തങ്ങുക എന്നതാണ്. അതിനുശേഷമുള്ള പടി ഭവനത്തോടൊപ്പം പോകുക എന്നതാണ്. നമുക്ക് ഭവനമില്ലെങ്കിൽ ഉന്നത സുവിശേഷം പ്രസംഗിക്കുവാൻ കഴികയില്ല. ഉന്നത സുവിശേഷപ്രസംഗം ഉണ്ടായിരിക്കുന്നതിന് നമുക്ക് ജീവനുള്ള ദൈവത്തിന്റെ ഭവനമായ സഭ ഉണ്ടായിരിക്കണം. അപ്പോൾ നമുക്ക് ചിന്തിക്കുന്നവരായ എല്ലാ ജനത്തോടും ഇങ്ങനെ പ്രഖ്യാപിക്കുവാൻ കഴിയും, "വന്നു കാണുക. ജീവിതത്തിന്റെ അർഥം ഇതാ. മുമ്പ് നിരവധി തത്ത്വചിന്തകന്മാർ അന്വേഷിച്ചിട്ടും കണ്ടെത്താൻ കഴിയാത്ത ജീവിതം വന്നു കാണുക. സഭാജീവിതം വന്നു കാണുക." നമുക്ക് സഭാജീവിതം ആവശ്യമാണ്. നമുക്ക് ഒരു മാതൃകയില്ലെങ്കിൽ ഉന്നത സുവിശേഷം പ്രസംഗിക്കുവാൻ കഴിയുകയില്ല. പ്രായോഗികരായിരിക്കുവാൻ ജനം ആഗ്രഹിക്കുന്നു. പിന്നീട് സംഭവിക്കുന്ന ഒരു കാര്യത്തെക്കുറിച്ചു കേൾക്കുവാൻ അവർ ആഗ്രഹിക്കുന്നില്ല; അത് അവർക്ക് ഇപ്പോൾ വേണം. അപ്പോൾ ജനം ചോദിക്കും, "നിങ്ങൾ സംസാരിക്കുന്ന ഈ കാര്യം എവിടെയാണ്?" "വന്നു കാണുക" എന്നു പറയുവാൻ നമുക്കു കഴിയും. ഏറ്റവും ഉയർന്ന തലത്തിലുള്ള സഭാജീവിതമില്ലാതെ ഉന്നത സുവിശേഷം പ്രസംഗിക്കുവാനുള്ള സാധ്യതയില്ല. ഒരർഥത്തിൽ, ഉയർന്ന സഭാജീവിതമാണ് പ്രസംഗം. നാം ആളുകളെ അകത്തേക്കു കൊണ്ടുവരുക മാത്രം ചെയ്യുക, അവർ

കാണുകയും ആസ്വദിക്കുകയും ചെയ്യട്ടെ. അപ്പോൾ അവർ പറയും, "ഇപ്പോൾ ഞാൻ അറിയുന്നു." നമുക്ക് ഒരു മാതൃകയുള്ളപ്പോൾ സുവിശേഷം പ്രസംഗിക്കുവാൻ എളുപ്പമാണ്. ഒരു സാമ്പിൾ ഇല്ലെങ്കിൽ ഒരു ഉൽപ്പന്നം വിൽക്കുവാൻ പ്രയാസമാണെന്ന് ഓരോ വിൽപ്പനക്കാരനും അറിയുന്നു. ആളുകൾക്ക് എന്തെങ്കിലും വിൽക്കാനുള്ള ഏറ്റവും നല്ല മാർഗം അത് അവർക്ക് കാണിച്ചുകൊടുക്കുക എന്നതാണ്.

കഴിഞ്ഞ ദൂതിൽ സഭാജീവിതത്തിനുവേണ്ടി പിടിക്കപ്പെട്ടവരായ പീക്കിംഗിലെ വലിയ ആശുപത്രിയിൽനിന്നുള്ള നിരവധി നഴ്സുമാരെക്കുറിച്ച് ഞാൻ നിങ്ങളോട് പറഞ്ഞിരുന്നു. അവർ ഉയർന്ന വിദ്യാഭ്യാസമുള്ളവരും യോഗ്യതയുള്ള നഴ്സുമാരുമായിരുന്നു. നിരവധി സമയങ്ങളിൽ അവരുടെ ജോലി കഴിഞ്ഞിറങ്ങിയാലുടനെ യോഗങ്ങളിലേക്കു വന്നുകൊണ്ട്, തങ്ങളുടെ വെള്ള യൂണിഫോമിൽ അവർ സഭായോഗങ്ങളിൽ സംബന്ധിച്ചിരുന്നു. ഇതു മറ്റുള്ളവരെ സ്വാധീനിക്കുകയും, അവർ അവരോട് ചോദിച്ചു, "നിങ്ങളെ പിടികൂടിയിരിക്കുന്ന ഈ കാര്യം എന്താണ്? നിങ്ങൾ ഭക്ഷണം കഴിക്കുന്നതോ മറ്റുകാര്യങ്ങളോ ശ്രദ്ധിക്കാതെ ആ യോഗങ്ങളിലേക്കു പോകുന്നു. എന്താണിത്?." ഇതിന്റെ ഫലമായി മറ്റനേകർ പിടിക്കപ്പെട്ടു.

നമുക്ക് ഏറ്റവും ഉന്നതമായ സഭാജീവിതം, ആളുകളെ അത്രത്തോളം ആകർഷിക്കുന്ന ഒരു സഭാജീവിതം ഉണ്ടായിരിക്കണം. എന്താണ് യഥാർഥ മനുഷ്യത്വമെന്നും എന്താണ് നിർവ്യാജമായ മനുഷ്യസമൂഹമെന്നും ജനം അറിയുവാൻ നാം ഇടവരുത്തണം. സഭാജീവിതം മികച്ച സമൂഹജീവിതം, ഉയർന്ന സാമുദായിക ജീവിതം ആയിരിക്കണം. ഒരു ദിവസം ഇതു സംഭവിക്കുമെന്ന് ഉറപ്പുള്ളവരായിരിക്കുക. കർത്താവിന്റെ ജീവനിൽ ഞാൻ വിശ്വസിക്കുന്നു. ഒരു ദിവസം, അധികം താമസിയാതെ തന്നെ, മുഴുവൻ ലോകവും കാണുകയും മതം ആശ്ചര്യപ്പെടുകയും ചെയ്യും. അപ്പോഴേക്കും അവർ വ്യത്യാസം കാണും. അവർ ഇന്നു നമ്മെ വിമർശിക്കുകയും എതിർക്കുകയും ചെയ്യുമായിരിക്കും, എന്നാൽ കാലം സമർഥിക്കും.

Mon നമുക്ക് നിരവധി മോശം പേരുകൾ നൽകപ്പെട്ടിട്ടുണ്ട്. നാം ദുരുപദേശക്കാരാണെന്നുപോലും ചിലർ വിളിക്കുന്നു. നാവികസേനയിൽ ഒരു കപ്പലിലുണ്ടായിരുന്ന ഒരു സഹോദരനിൽനിന്ന് അടുത്തിടെ എനിക്ക് ഒരു കത്തു ലഭിച്ചു. കപ്പലിലുണ്ടായിരുന്ന മറ്റു ചില ക്രിസ്ത്യാനികളെ അദ്ദേഹം കണ്ടുമുട്ടുകയും, അവർ നമുക്കെതിരായി എത്രമാത്രം വിഷലിപ്തരാണെന്നു കാണുകയും ചെയ്തു. എന്നാൽ കാലം എന്തു പറയുമെന്ന് നമുക്ക് കാത്തിരുന്നു കാണാം. കിംവദന്തികളാൽ സ്വാധീനിക്കപ്പെടരുത്. ഇന്നു ഭൂമിയിൽ നമ്മെപ്പോലെ അടിസ്ഥാനപരമായി ആരുമില്ല. നാം ദൈവത്തിന്റെ

ദിവ്യ അരുളപ്പാടുകളെ ബഹുമാനിക്കുന്നതുപോലെ ആരും ചെയ്യുന്നില്ല. നാം പ്രായോഗികമായി ത്രിയേകദൈവത്തിൽ വിശ്വസിക്കുന്നതുപോലെ ആരും ചെയ്യുന്നില്ല. കേവലം ഉപദേശപരമായ ഒരു രീതിയിലല്ല നാം വിശ്വസിക്കുന്നത് — അതൊരു മായാമേളയാണ്. നാം പ്രായോഗികരാണ്. നാം വിശ്വാസത്താലുള്ള നീതീകരണത്തിൽ വിശ്വസിക്കുന്നുവെങ്കിൽ, അത് പ്രായോഗികവും അനുഭവപരവുമായിരിക്കണം. വേദപുസ്തകത്തിന്റെ എല്ലാ വശങ്ങളിലും നാം അനുഭവത്തിന്റെ രീതിയിൽ വിശ്വസിക്കുന്നു. വ്യർഥമായ ഉപദേശങ്ങൾ ഉണ്ടായിരിക്കണമെന്ന് നാം ആഗ്രഹിക്കുന്നില്ല. വ്യർഥമായ ഉപദേശം നിങ്ങൾക്കുവേണ്ടി എന്തുചെയ്യുന്നു? ഒന്നുമില്ല. നാം ഉപദേശപരമായ ഒരു മായാമേളയിലേക്കു ജനിച്ചിരിക്കുന്നു, എന്നാൽ അതിൽപദാവലികൾ അല്ലാതെ ഒന്നുമില്ല. അങ്ങനെയുള്ളൊരു മായാമേളയിലേക്കാണ് ഞാൻ ജനിച്ചത്, ആ മായകളെയെല്ലാം ഇറക്കിവയ്ക്കുന്നതിന് എനിക്ക് ഇരുപതു വർഷത്തിലധികമെടുത്തു. ഇന്നു നാം വിശ്വസിക്കുന്നതെന്തും പ്രായോഗികമായിരിക്കണം. നാം ത്രിയേകദൈവത്തിൽ, പിതാവിലും പുത്രനിലും ആത്മാവിലും വിശ്വസിക്കുന്നു, നാം പാരമ്പര്യമനുസരിച്ചല്ല, നിർമല വചനത്തിലെ കറുപ്പും വെളുപ്പുമായ അക്ഷരങ്ങനുസരിച്ചത്രേ വിശ്വസിക്കുന്നത്.

കർത്താവ് ഇവിടെയുണ്ട്, അവൻ നമ്മെ മറയ്ക്കുന്നു. ഈ സാക്ഷ്യത്തെ എതിർക്കുന്ന ഒരുവന് ഒരു തെളിവുമില്ല. ഇന്നല്ലെങ്കിൽ നാളെ അവന്റെ വിഡ്ഢിത്തങ്ങൾ തുറന്നുകാട്ടപ്പെടും. കാലം പറയും. കാലം തെളിയിക്കും. ഈ സാക്ഷ്യം പുതിയ ഒന്നല്ല; ഇത് അമ്പതു വർഷത്തിലേറെയായി പരീക്ഷിക്കപ്പെട്ടതാണ്. ഈ സാക്ഷ്യം പോയിടത്തൊന്നും, അതിനെതിരായി നിൽക്കുവാൻ യാതൊന്നിനും കഴിഞ്ഞിട്ടില്ല. തായ്‌വാനിലേക്കു പോയ മിഷനറിമാരോട് നിങ്ങൾ ചോദിക്കുകയാണെങ്കിൽ, തായ്‌വാനിലെ ഒരു വേലയ്ക്കും ഈ സാക്ഷ്യത്തിന്റെ വേലയ്ക്കെതിരെ നിൽക്കുവാൻ കഴിയില്ലെന്ന് അവർ നിങ്ങളോടു പറയും. തായ്‌വാൻ ദ്വീപിലെ പ്രമുഖ വേല ഇതാണെന്ന് എല്ലാ മിഷനറിമാരും സമ്മതിച്ചിട്ടുണ്ട്. 1968-ൽ അമേരിക്കയിലെ നൂറ്റിമുപ്പതിലധികം സഹോദരന്മാരും സഹോദരിമാരും തായ്‌വാൻ സന്ദർശിച്ചു. അവർ അവിടെയായിരുന്നപ്പോൾ, നമുക്കെതിരെ സംസാരിച്ച ഒരു മിഷനറിയെ അവർ കണ്ടുമുട്ടി. അദ്ദേഹം ഈ സാക്ഷ്യം ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും, ഇതാണ് ഏറ്റവും പ്രബലമായ വേലയെന്ന് അദ്ദേഹത്തിനു സമ്മതിക്കേണ്ടി വന്നു. എന്തുകൊണ്ടാണ് ഈ വേല പ്രബലമായിരിക്കുന്നത്? കാരണം ഇത് കർത്താവിന്റെ സാക്ഷ്യമാണ്. ഇതു നമ്മിലല്ല, അവനിലാണ് നിക്ഷിപ്തമായിരിക്കുന്നത്. എന്നാൽ നാം അവനുമായി ഒന്നായിരിക്കണം. മറ്റൊന്നിനെയും പിടിച്ചുകൊള്ളരുത്.

എതിരാളികളിലൊരുവന് എന്തു സംഭവിച്ചു എന്നതിന് ഞാൻ നിങ്ങളോട് ഒരു സാക്ഷ്യം പറയട്ടെ. 1958-ൽ ഇംഗ്ലണ്ടിലെ ഒരു ആത്മികസ്ഥലം സന്ദർശിക്കുവാൻ എന്നെ ക്ഷണിച്ചു. ഞാൻ അവിടെ പോയത് സഹായം സ്വീകരിക്കുവാനോ മറ്റുള്ളവർക്ക് സഹായം നൽകുവാനോ ആയിരുന്നില്ല, അവിടത്തെ സാഹചര്യം കാണുവാനായിരുന്നു. അവിടുത്തെ പ്രധാനി എന്നെ വിശേഷപ്പെട്ട ഒരു വീട്ടിൽ പാർപ്പിക്കുകയും എന്റെ കാര്യങ്ങൾ ശ്രദ്ധിക്കുവാൻ ഒരാളെ നിയോഗിക്കുകയും ചെയ്തുകൊണ്ട് എന്നെ ആദരിച്ചു. ഒരു മാസക്കാലം ആ പ്രധാനി എല്ലാ യോഗങ്ങളും, സമ്മേളന യോഗങ്ങൾ മാത്രമല്ല, പതിവു യോഗങ്ങൾപോലും എന്നിലേക്കു തിരിച്ചുവിട്ടു. അവിടെയുള്ള എന്റെ വാസക്കാലത്ത് അത് സഭയ്ക്കു വേണ്ടിയുള്ള സ്ഥലമല്ലെന്ന് ഞാൻ കണ്ടെത്തി; അത് തികച്ചും അതിന്റെ ശുശ്രൂഷയ്ക്കു വേണ്ടിയുള്ളതായിരുന്നു. 1958-ന് മുമ്പുള്ള ഇരുപതോ മുപ്പതോ വർഷക്കാലം, ആ സ്ഥലത്തെ ശുശ്രൂഷ പ്രബലമായിരുന്നു. അതൊരു ആത്മിക ശുശ്രൂഷയായിരുന്നെന്ന് അനേകരും സമ്മതിച്ചു. ഒരു മാസം ഞാൻ അവിടെ താമസിച്ചതിനുശേഷം, ആ പ്രധാനി എന്നെ സ്കോട്ട്ലൻഡിലെ തന്റെ പ്രാർഥനാസ്ഥലത്തേക്കു കൊണ്ടുവന്നു. കർത്താവിന്റെ വ്യവസ്ഥയെക്കുറിച്ച്, കർത്താവ് ഇന്ന് എന്താണു ചെയ്യുന്നതെന്നതിനെക്കുറിച്ച് സംസാരിക്കുന്നതിന് അദ്ദേഹത്തോടൊപ്പം മുഖാമുഖം ഇരിക്കുക എന്ന ഉദ്ദേശ്യത്തോടെ ഞാൻ ഒരാഴ്ച അദ്ദേഹത്തോടുകൂടെ അവിടെ താമസിച്ചു. ഭൂമിയിലുടനീളം ശുശ്രൂഷാ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ കർത്താവു തന്റെ ശുശ്രൂഷയെ ഉപയോഗിക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. പട്ടണംതോറും സ്ഥലം സഭകൾ സ്ഥാപിക്കുക എന്നതാണ് കർത്താവിന്റെ വ്യവസ്ഥയെന്ന് ഞാൻ അദ്ദേഹത്തോടു പറഞ്ഞു. ഞങ്ങൾ നല്ല സുഹൃത്തുക്കളായിരുന്നെങ്കിലും ഞങ്ങൾക്കു ചേർന്നുപോകാനായില്ല. ഈ വിഷയത്തിൽ ഞാൻ ശാഠ്യക്കാരനാണെന്ന് അദ്ദേഹം കണ്ടെത്തുകയും, അദ്ദേഹത്തെ അല്പംപോലും മാറ്റുവാൻ കഴിയില്ലെന്ന് ഞാൻ മനസ്സിലാക്കുകയും ചെയ്തു. ഞങ്ങൾ അന്യോന്യം പോരടിച്ചില്ലെങ്കിലും, കർത്താവിന്റെ വ്യവസ്ഥയെക്കുറിച്ചുള്ള ഞങ്ങളുടെ ധാരണകൾക്കിടയിൽ വലിയൊരു പൊരുത്തക്കേടുണ്ടെന്ന് ഞങ്ങൾ ഉള്ളിൽ തിരിച്ചറിഞ്ഞു. അദ്ദേഹത്തിന്റെ സ്കോട്ട്ലൻഡിലെ പ്രാർഥനാസ്ഥലത്തുനിന്നും ഞങ്ങൾ ഇംഗ്ലണ്ടിലേക്കു മടങ്ങിവന്നു. ഞാൻ അവിടം വിട്ടുപോകുന്നതിനുമുമ്പ്, പതിവു യോഗങ്ങളിലൊന്നിൽ വീണ്ടും സംസാരിക്കുവാൻ അദ്ദേഹം എന്നോട് ആവശ്യപ്പെട്ടു. വേദിയിൽ എത്തുന്നതുവരെ എന്താണു സംസാരിക്കേണ്ടതെന്ന് എനിക്കറിയില്ലായിരുന്നു. അപ്പോൾ ദൂതു വന്നു. ആ ദൂതിൽ ഞാൻ ജനത്തോടു പറഞ്ഞു, ശുശ്രൂഷ ശുശ്രൂഷയ്ക്കു വേണ്ടിയല്ല,

മറിച്ച് ഓരോ ശുശ്രൂഷയും സ്ഥലം സഭകൾക്കുവേണ്ടിയായിരിക്കണം. ഞാൻ വളരെ ശക്തമായി പറഞ്ഞു, "അപ്പൊസ്തലനായ യോഹന്നാന്റെ ശുശ്രൂഷയെ നോക്കൂ. അത് ഏറ്റവും ആത്മികമായ ഒരു ശുശ്രൂഷയായിരുന്നെങ്കിലും, അത് നിലവിളക്കായിരുന്നില്ല. വെളിപ്പാട് പുസ്തകത്തിലെ എല്ലാ സ്ഥലം സഭകളെയും നോക്കുക — അവയിൽ മിക്കതും ഒരു കുഴഞ്ഞ അവസ്ഥയിലായിരുന്നു. എന്നാൽ സ്ഥലം സഭകൾ നിലവിളക്കുകളാണ്." ആ ദൂതിൽ ഞാൻ ശക്തമായി ഊന്നിപ്പറഞ്ഞത് സ്ഥലം സഭകൾ ശുശ്രൂഷയ്ക്കു വേണ്ടിയായിരിക്കരുത്, മറിച്ച് ശുശ്രൂഷ സ്ഥലം സഭകൾക്കു വേണ്ടിയായിരിക്കണം എന്നാണ്.

ആ സ്ഥലത്തെ പ്രധാനിയായിരുന്ന പ്രിയ സഹോദരൻ ദൈവത്തിന്റെ ഭരണത്തെ സ്പർശിച്ചു. ദൈവത്തോട് ഭരണപരമായി തെറ്റായിരിക്കുന്നത് ഗുരുതരമായ ഒരു കാര്യമാണ്. ഈ സാക്ഷ്യം കർത്താവിന്റെ പ്രത്യുദ്ധാരമാണെങ്കിൽ, അത് ദിവ്യമായി ഭരണപരമായ ഒന്നാണ്. യാതൊന്നും തനിക്കു സംഭവിക്കാതെ ഈ സാക്ഷ്യത്തെ ആർക്കെങ്കിലും സ്പർശിക്കുവാൻ കഴിയുമെങ്കിൽ, അതു തെളിയിക്കുന്നത് ഈ സാക്ഷ്യം ഒന്നുമല്ല എന്നാണ്. എന്നാൽ ഇത് കർത്താവിന്റെ പ്രത്യുദ്ധാരമാണ്, അതിനാൽ നാമെല്ലാവരും ശ്രദ്ധയുള്ളവരായിരിക്കണം. കർത്താവിന്റെ പ്രത്യുദ്ധാരത്തെ സ്പർശിക്കുന്നത് എത്ര ഗൗരവമുള്ളതാണ്!

എന്നെ ഇംഗ്ലണ്ടിലേക്കു ക്ഷണിച്ച ആ പ്രിയപ്പെട്ടവൻ തായ്വാനിലേക്കു വരുവാൻ ഞങ്ങളാൽ ആദ്യം ക്ഷണിക്കപ്പെട്ടവനായിരുന്നു. 1955-ലും, പിന്നീട് 1957-ലും അദ്ദേഹം വന്നിരുന്നു. അദ്ദേഹത്തിന്റെ ആദ്യ സന്ദർശനവേളയിൽ അദ്ദേഹം സഭയുടെ വിഷയത്തെ സ്പർശിച്ചില്ല, എന്നാൽ തന്റെ രണ്ടാമത്തെ സന്ദർശനത്തിൽ അദ്ദേഹം മനഃപൂർവം അതിനെ സ്പർശിച്ചു. ഇത് അദ്ദേഹവും ഞങ്ങളും തമ്മിൽ ശക്തമായ ഒരു വാദപ്രതിവാദത്തിനു തുടക്കമിട്ടു. തർക്കം ഈ സഹോദരനും തായ്വാൻ ദ്വീപിലെ പ്രധാനികളും തമ്മിലായിരുന്നു. ഈ യോഗങ്ങളിലെ ആദ്യത്തെ രണ്ടിൽ ഞാൻ പരിഭാഷ ചെയ്യുകയും യാതൊന്നും സംസാരിക്കാതെയും ഇരുന്നു. എങ്കിലും, മൂന്നാമത്തെ യോഗത്തിൽ ഞാനും ചേർന്നു. ഈ പ്രിയ സഹോദരനും ഞങ്ങളും സ്നേഹിതന്മാരായിരുന്നെങ്കിലും, ഉറ്റ സ്നേഹിതന്മാരായിരുന്നെങ്കിൽപോലും, കർത്താവിന്റെ വ്യവസ്ഥയെ സംബന്ധിച്ച് ഞങ്ങൾ വ്യത്യസ്ത ആശയങ്ങൾ പിടിച്ചിരുന്നു. 1957 ഏപ്രിലിൽ ഈ സഹോദരൻ തായ്വാൻ വിട്ടുപോയി. പതിനാറു മാസത്തിനുശേഷം ഞാൻ അദ്ദേഹത്തെ ഇംഗ്ലണ്ടിൽ സന്ദർശിച്ചപ്പോൾ, 1958 ഓഗസ്റ്റിൽ, അദ്ദേഹം എന്നോടു പറഞ്ഞത് തായ്പേയിൽനിന്നും ഹോങ്കോങ്ങിലേക്ക് വിമാനം പറന്നുയർന്നപ്പോൾ, അദ്ദേഹത്തിനുള്ളിലെ ഒഴുക്ക് മുറിച്ചുമാറ്റപ്പെട്ടെന്നും

അതിനെ വീണ്ടെടുക്കാനായിട്ടില്ലെന്നുമാണ്. ആ ദിവസം തന്നെ അതിരാവിലെ, എന്തുകൊണ്ട് ഒഴുക്ക് മുറിച്ചുമാറ്റിയെന്നു കർത്താവിനോട് ചോദിച്ചുകൊണ്ട് അദ്ദേഹം കരഞ്ഞതായി അദ്ദേഹം എന്നോടു പറഞ്ഞു.

### C. തന്നെ നിയമിച്ചാക്കിയ ദൈവത്തോടു വിശ്വസ്തൻ

മോശെയാൽ മുൻകുറിക്കപ്പെട്ട ക്രിസ്തു ദൈവഭവനത്തെ പരിപാലിക്കുന്നതിൽ ദൈവത്തോടു വിശ്വസ്തനായിരുന്നു (വാ. 2). മഹാപുരോഹിതനെന്ന നിലയിൽ അവൻ വിശ്വസ്തനാണെന്ന് രണ്ടാം അധ്യായം വാക്യം 17 പറയുന്നു. ഇവിടെ പറയുന്നത് ദൈവത്തിന്റെ അടുക്കൽനിന്നും നമ്മുടെ അടുക്കലേക്ക് അയയ്ക്കപ്പെട്ട അപ്പൊസ്തലനെന്ന നിലയിൽ അവൻ വിശ്വസ്തനാകുന്നു എന്നാണ്.

### D. മോശെയെക്കാൾ അധികം മഹത്വത്തിനും ബഹുമാനത്തിനും യോഗ്യനായി എണ്ണപ്പെടുന്നു

മോശെ ഭവനത്തിന്റെ ഒരു ഭാഗം മാത്രമായിരുന്നു, അതേസമയം ക്രിസ്തു ഭവനവും ഭവനം പണിയുന്നവനും ആണ്. അതിനാൽ മോശെയേക്കാൾ മഹത്വത്തിനും ബഹുമാനത്തിനും യോഗ്യനായി ക്രിസ്തു എണ്ണപ്പെട്ടു (3:3). ഭവനം പണിയുന്നവനെന്ന നിലയിൽ ക്രിസ്തുവിന് മോശെയെക്കാൾ മഹത്വവും ബഹുമാനവും ഉണ്ടെന്നു നാം കാണണം. തന്മൂലം, ക്രിസ്തു മോശെയെക്കാൾ വളരെയധികം ഉന്നതനാണ്.